# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: റ്റി.ആർ.2/023375/2008

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി : 26.07.2013.

## മെമ്മോറാണ്ടം

വിഷയം: പ്രൈവറ്റ് ഹയർ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച്.
സൂചന: ഈ ആഫീസിലെ 11-2-2009, 9-7-2009, 01.09.2010, 16.11.2011, 11.10.2012, 18.07.2013 എന്നീ തീയതികളിലെ മേൽ നമ്പർ മെമ്മോറാണ്ടങ്ങൾ.

നിലവിലുള്ള പ്രൈവറ്റ് ഹയർ നിരക്കുകൾ അവസാനമായി പുതുക്കി നിശ്ചയിച്ചത് 11.10.2012ലാണ്. അതിനു ശേഷം ഡീസൽ വിലയിലും അനുബന്ധ ചിലവുകളിലും ഉണ്ടായ ക്രമാതീതമായ വർദ്ധനവിന്റെ വെളിച്ചത്തിൽ നിലവിലുള്ള പ്രൈവറ്റ് ഹയർ നിരക്കുകൾ പുതുക്കി നിശ്ചയിക്കണമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ടി നിരക്കുകൾ ചുവടെപ്പറയുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു. **ഈ ഉത്തരവ് 01.08.2013 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.**

| | |
|---|---|
| 5 മണിക്കൂർ വരെയുള്ളതിന് (പരമാവധി 100 കി:മീറ്ററിന്) | കി:മീറ്റർ നിരക്ക് 50/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ. മിനിമം ചാർജ് 8000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 8000/- രൂപയിൽ കുറവാണെങ്കിൽ 8000/- രൂപയും 8000/- രൂപയിൽ കൂടുന്നപക്ഷം ആ തുകയും ഈടാക്കണം. |
| 6 മണിക്കൂർ വരെയുള്ളതിന് (പരമാവധി 150 കി:മീറ്ററിന്) | കി:മീറ്ററർ നിരക്ക് 50/-രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/-രൂപ. മിനിമം ചാർജ് 10000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 10000/- രൂപയിൽ കുറവാണെങ്കിൽ 10000/- രൂപയും 10000/- രൂപയിൽ കൂടുന്നപക്ഷം ആ തുകയും ഈടാക്കണം. |
| 8 മണിക്കൂർ വരെയുള്ളതിന് (പരമാവധി 200 കി:മീറ്ററിന്) | കി:മീറ്ററർ നിരക്ക് 50/-രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ. മിനിമം ചാർജ് 12000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 12000/- രൂപയിൽ കുറവാണെങ്കിൽ 12000/- രൂപയും 12000/- രൂപയിൽ കൂടുന്നപക്ഷം ആ തുകയും ഈടാക്കണം. |
| 8 മണിക്കൂറിനും 200 കി:മീറ്ററിനും മുകളിൽ | കി:മീറ്ററർ നിരക്ക് 50/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ. മിനിമം ചാർജ് 15000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 15000/- രൂപയിൽ കുറവാണെങ്കിൽ 15000/- രൂപയും 15000/- രൂപയിൽ കൂടുന്നപക്ഷം ആ തുകയും ഈടാക്കണം. |

ഐ.ടി. മേഖലയിലുള്ള സ്വകാര്യ സ്ഥാപനങ്ങൾക്കും, കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വെയിറ്റിംഗ് സമയം ആവശ്യമില്ലാത്ത രീതിയിൽ പ്രത്യേക ഗ്രൂപ്പുകൾക്കായി സർവീസിനിടയ്ക്ക് പ്രൈവറ്റ് ഹയർ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ട്രിപ്പുകൾക്കും നിലവിൽ ഈടാക്കി വരുന്ന നിരക്ക് കിലോമീറ്ററിന് 40/- രൂപ എന്നത് 50/-രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്.

ഒരു സ്ലാബിൽ അനുവദനീയമായ സമയത്തിന് പുറത്ത് പ്രൈവറ്റ് ഹയറായി ബസ് ഉപയോഗിക്കേണ്ടി വന്നാൽ ഈടാക്കേണ്ട വാടക തുക അതിനനുസൃതമായ അടുത്ത സ്ലാബിലേക്ക് മാറുന്നതാണ്. (ഉദാ. ഒന്നാമത്തെ സ്ലാബിൽ അഞ്ച് മണിക്കൂർ ആവശ്യത്തിലേക്കായി ബസ് വാടകക്ക് എടുക്കുകയും, അഞ്ചര മണിക്കൂർ ഉപയോഗിക്കുകയും ചെയ്താൽ രണ്ടാമത്തെ സ്ലാബിലെ വാടക ഈടാക്കേണ്ടതാണ്.) എന്നാൽ അനുവദനീയമായ സമയത്തിനകത്ത് ബസ് ഉപയോഗിക്കുകയും, സ്ലാബിലെ കിലോമീറ്ററിൽ നിന്നും കൂടുകയും ചെയ്താൽ അങ്ങനെ കൂടുന്ന ഓരോ കിലോമീറ്ററിനും 50/- രൂപാ വീതം ഈടാക്കേണ്ടതാണ്. (ഉദാ. ഒന്നാമത്തെ സ്ലാബിൽ 5 മണിക്കൂറിനകത്ത് ബസ് ഉപയോഗിക്കുകയും, 120 കിലോമീറ്റർ വരെ ഓപ്പറേറ്റ് ചെയ്യുകയുമുണ്ടായാൽ അധികമായി ഓപ്പറേറ്റ് ചെയ്ത 20 കിലോമീറ്ററിന് 50/- രൂപാ വീതം (ഓരോ കിലോമീറ്ററിനും) ഈടാക്കേണ്ടതാണ്.)

പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് വാടകക്ക് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ വാടക തുക മുൻകൂറായി അടക്കുന്നതിനാൽ ആഗസ്റ്റ് മാസത്തെ വാടക തുക പുതിയ നിരക്കിൽ ഈടാക്കേണ്ടതാണ്. ഇക്കാര്യം ബന്ധപ്പെട്ട സ്ഥാപനങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.

വാടക തുകക്ക് പുറമെ 18.07.2013ലെ മെമ്മോറാണ്ടം പ്രകാരമുള്ള 12.36 ശതമാനം സേവന നികുതിയും വാടക തുകയിന്മേൽ ഈടാക്കേണ്ടതും, ടി തുക 530A എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യേണ്ടതുമാണ്.

പ്രൈവറ്റ് ഹയർ സംബന്ധമായി 01.09.2010ലെ മെമ്മോറാണ്ടത്തിലെ ഇതര നിർദ്ദേശങ്ങൾ അതേപോലെ പാലിക്കേണ്ടതാണ്.

ഒപ്പ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

26.07.2013

ആജ്ഞാനുസരണം

ചീഫ് ട്രാഫിക് മാനേജർ ഇൻ ചാർജ്ജ് ഓഫ്
എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)

എല്ലാ യൂണിറ്റധികാരികൾക്കും *(പകർപ്പ് നോട്ടീസ് ബോർഡിൽ വലുതാക്കി പ്രദർശിപ്പിക്കേണ്ടതാണ്)*

എല്ലാ മേഖലാ അധികാരികൾക്കും
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും

പകർപ്പ്:-
അംഗീകൃത തൊഴിലാളി സംഘടനകൾക്ക്